ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A11- സഭ

## പാഠം 1 - ‘‘എന്റെ സഭ’’

**വായനഭാഗം:**
**മത്തായി 16: 13–23**

**താക്കോൽ വാക്യം:**

**“നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു.”**
മത്തായി 16 :18

കർത്താവായ യേശുവിന്റെ ഭൗമിക ജീവിത കാലഘട്ടത്തിന്റെ ഒടുവിലത്തെ മൂന്നു വർഷക്കാലം താൻ പ്രസംഗിക്കുകയും പഠിപ്പിക്കുകയും രോഗശാന്തി നൽകിയും ദേശത്തിലുടനീളം സഞ്ചരിച്ചു. ഇപ്പോൾ അവൻ കൈസര്യ ഫിലിപ്പ്യയിൽ നിന്നും യെരൂശലേമിലേക്കു പോകുകയാണ്. അവൻ അവിടെ എത്തുമ്പോൾ എന്തൊക്കെ സംഭവിക്കുമെന്ന് *21–ാം വാക്യത്തിൽ* രേഖപ്പെടുത്തിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക.

ഈ യാത്ര പുറപ്പെടുന്നതിന് മുമ്പ്, അവൻ യഥാർത്ഥത്തിൽ ആരാണെന്ന് തന്റെ ശിഷ്യന്മാരോട് ചോദിച്ചു. ***“ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?”***. എന്ന പൊതുവായ ഒരു ചോദ്യം അവരോട് ചോദിച്ചതിന് പലതരത്തിലുള്ള ഉത്തരങ്ങൾ ആണ് ശിഷ്യന്മാർ നൽകിയത്. *(വാക്യം 14 കാണുക)* ***“എന്നാൽ “നിങ്ങളോ എന്നെ ആർ എന്നു പറയുന്നു”*** എന്നു അവൻ ചോദിച്ചതിന്നു ശിമോൻ പത്രൊസ്: ***“നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്”*** എന്നാണ് മറുപടി പറഞ്ഞത്.

തന്റെ ചോദ്യത്തിനുള്ള സത്യവും കൃത്യവുമായ മറുപടിയായി പത്രോസ് പറഞ്ഞത് യേശു സ്വീകരിച്ചുവെന്നത് വ്യക്തമാണ്. എന്നിരുന്നാലും, ഇത് തന്റെ സ്വന്തം കഴിവുകൊണ്ട് കണ്ടെത്തിയതല്ലെന്ന് യേശു പത്രോസിനെ ഓർമ്മിപ്പിക്കുന്നുണ്ട്. ***(“ജഡരക്തങ്ങൾ*** അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയതു.” *വാക്യം 17)*

പത്രോസിന്റെ ശ്രദ്ധേയമായ പ്രസ്താവനയ്ക്ക് തൊട്ടുപിന്നാലെയാണ് യേശു ആദ്യമായി സഭയെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയത്. ***“ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു”*** എന്ന യേശുവിന്റെ അതുല്യതയുമായി സഭയെക്കുറിച്ചുള്ള പഠിപ്പിക്കലുകൾ വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കേണ്ടത് പ്രധാനമാണ്. അത്തരമൊരു വ്യക്തിക്ക് മാത്രമേ ***“എന്റെ സഭയെ ”*** പണിയുന്നതിനെക്കുറിച്ച് ആധികാരികമായി പറയുവാൻ സാധിക്കുകയുള്ളൂ.!

ശ്രദ്ധിക്കേണ്ട നാല് പ്രധാനപ്പെട്ട കാര്യങ്ങൾ :

### 1. സഭയുടെ അടിസ്ഥാനം *“ഈ പാറ”*

സഭ പണിതിരിക്കുന്നത് പത്രോസ് എന്ന അടിസ്ഥാനത്തിന്മേൽ അല്ല. ***“ഈ പാറ”*** എന്നത് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ ആണ്. അവൻ മാത്രമാണ് സുരക്ഷിതവും നിലനിൽക്കുന്നതുമായ അടിത്തറ. പത്രോസും മറ്റ് അപ്പോസ്തലന്മാരും തങ്ങളുടെ പ്രസംഗത്തിൽ ആളുകളെ കർത്താവായ യേശുവിൽ ആശ്രയിക്കാൻ നിരന്തരം പ്രബോധിപ്പിച്ചു. മനുഷ്യൻ എത്ര നല്ലവനായിരുന്നാലും അവരിൽ ആശ്രയിക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. ***(വായിക്കുക പ്രവൃത്തികൾ 4:12, 1 കൊരിന്ത്യർ 3:11 )***



മക്കാവുവിലെ സെൻറ് പോൾ ചർച്ചിന്റെ മൂലക്കല്ല്, 1602. (ഉറവിടം: വിക്കിപീഡിയ)

### 2. സഭയുടെ നിർമ്മാണം *“ഞാൻ പണിയും”*

“ഞാൻ എന്റെ സഭ പണിതു”' എന്ന് യേശു പറഞ്ഞില്ല. അവൻ സംസാരിക്കുന്ന സമയത്ത്, സഭ ഇപ്പോഴും ഭാവിയിലായിരുന്നു. മൂന്ന് സംഭവങ്ങൾ നടക്കുമ്പോൾ മാത്രമേ ഇത് നിർമ്മിക്കാൻ തുടങ്ങുകയുള്ളൂ:

a) കർത്താവായ യേശുവിന്റെ മരണം, ഇതിലൂടെ ആണ് സഭയുടെ അംഗങ്ങൾ ആകുവാൻ പോകുന്ന ഓരോ വ്യക്തിയുടെയും പാപമോചനം സാധ്യമാകുന്നത്. ***“ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ.....”*** *(എഫെസ്യർ 5:25)*

b) കർത്താവായ യേശുവിന്റെ പുനരുത്ഥാനം, അതിലൂടെ അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കും നിത്യജീവൻ നൽകാൻ അവനു ശക്തിയുണ്ട്. *(എഫെസ്യർ 1: 19–23)*

c) പരിശുദ്ധാത്മാവിന്റെ ആഗമനം, കർത്താവായ യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെയാണ് ഒരു വ്യക്തിയെ സുവിശേഷത്തിൽ ബോധ്യപ്പെടുത്തി സഭയുടെ അംഗങ്ങൾ ആക്കിത്തീർക്കുന്നത്. ***(യോഹന്നാൻ 16:7–11)*** അടുത്ത പാഠം ഇതിനെ കുറിച്ച് കൂടുതൽ വിശദമായി പഠിക്കും.

### 3. സഭയുടെ വേർപാട് *“ഞാൻ എന്റെ സഭയെ പണിയും.”*

ബൈബിളിലെ 'സഭ ' എന്ന വാക്കിന്റെ അർത്ഥം “വിളിച്ചു വേർതിരിക്കപ്പെട്ട കൂട്ടം” എന്നാണ് എന്ന് ഓർക്കുന്നത് എല്ലായ്പ്പോഴും സഹായകരമാണ്. ഇത് ജനത്തെയാണ് സൂചിപ്പിക്കുന്നത്, കെട്ടിടത്തെയല്ല. അതുകൊണ്ട് കർത്താവായ യേശു ***“എന്റെ സഭ”***യെക്കുറിച്ച് പറയുമ്പോൾ, മുകളിൽ സൂചിപ്പിച്ച സംഭവങ്ങൾക്ക് ശേഷം തന്നിൽ വിശ്വസിക്കുന്ന എല്ലാവരേയും അവൻ പരാമർശിക്കുന്നു. ഓരോ “ജീവനുള്ള കല്ലും” അവനു വളരെ വിലപ്പെട്ടതാണ്, കാരണം അത് വാങ്ങാൻ അവൻ വലിയ വില കൊടുത്തു. പാപപൂർണമായ ലോകത്തിൽ നിന്ന് 'വിളിച്ചു വേർതിരിക്കപ്പെട്ടതിനാൽ' ഓരോരുത്തരും ഒരു പ്രത്യേക രീതിയിൽ അവനുള്ളവരാണ്. ***(1 പത്രോസ്*** *2: 4–5 കാണുക)*

### 4. സഭയുടെ സംരക്ഷണം *“ പാതാളഗോപുരങ്ങൾ (നരകം) അതിനെ ജയിക്കുകയില്ല.”*

അതിന്റെ അർത്ഥം സാത്താൻ അല്ലെങ്കിൽ മരണം പോലെയുള്ള ഒരു ശക്തിക്കും അവന്റെ സഭ പൂർത്തിയാക്കുന്നത് തടയാൻ സാധിക്കുകയില്ല എന്നാണ്. യേശു ആരാകുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ തന്റെ പദ്ധതികൾ പൂർത്തീകരിക്കുവാൻ ഉള്ള അധികാരവും ശക്തിയും യേശുവിന് ഉണ്ട് ! നൂറ്റാണ്ടുകളിലുടനീളം, ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്തിട്ടുണ്ട്, എന്നാൽ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ സഭ ഇപ്പോഴും ലോകമെമ്പാടും വളർന്നുകൊണ്ടിരിക്കുന്നു !

**സഭ എന്ന പഠനത്തിന്റെ രണ്ടു യൂണിറ്റിൽ ഒന്നാമത്തേത്**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A11- സഭ

## പാഠം 2 - സഭയുടെ ആരംഭം

**വായനഭാഗം:**
**അപ്പൊ.പ്രവൃത്തികൾ 1 :7-11,2:1-5**

**താക്കോൽ വാക്യം:**

**"നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും ..."**

1 കൊരിന്ത്യർ 12 :13

പാഠം 1 ൽ കർത്താവായ യേശു തന്റെ സഭയെക്കുറിച്ച് ആദ്യമായി സംസാരിച്ചപ്പോൾ, അത് ഭാവിയിലാണെന്നാണ് സൂചിപ്പിച്ചത്. യേശു പറഞ്ഞു, ***"ഞാൻ എന്റെ സഭയെ പണിയും". (മത്തായി 16:18)*** യേശുവിന്റെ മരണത്തിന് അൻപതു ദിവസങ്ങൾക്കുശേഷമാണ് അവന്റെ വാഗ്ദത്തം നിവൃത്തിയേറാൻ തുടങ്ങിയത്. മരിച്ചവരിൽ നിന്ന് യേശു ഉയിർത്തെഴുന്നേറ്റതിന് ശേഷം, പല അവസരങ്ങളിലും തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു. ആദ്യം, അവരിൽ ചിലർ വളരെ സംശയാലുക്കളായിരുന്നു, എന്നാൽ ഒടുവിൽ അവർക്കെല്ലാം അവന്റെ പുനരുത്ഥാനത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് പൂർണ്ണമായി ബോധ്യപ്പെട്ടു. യേശു അവരോട് പറഞ്ഞത് "***ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ***" *(മർക്കോസ് 16:15)* എന്നിരുന്നാലും, ഈ ദൗത്യത്തിൽ ഏർപ്പെടുന്നതിനു മുമ്പ്, പരിശുദ്ധാത്മാവ് അവരുടെമേൽ വരുന്നതുവരെ അവർ യെരൂശലേമിൽ കാത്തിരിക്കേണ്ടത് ആവശ്യമായിരുന്നു.

തന്റെ പുനരുത്ഥാനത്തിന് നാൽപ്പത് ദിവസങ്ങൾക്ക് ശേഷം, കർത്താവായ യേശു സ്വർഗ്ഗത്തിലേക്ക് മടങ്ങി, അവന്റെ വചനം അനുസരിച്ച് പരിശുദ്ധാത്മാവ് ഇറങ്ങി വന്നത് പത്ത് ദിവസങ്ങൾക്ക് ശേഷമാണ്. യഹൂദ കലണ്ടറിൽ, വാർഷിക ഉത്സവങ്ങളുടെ ഭാഗമായ പെന്തക്കോസ്ത് ദിനമായിരുന്നു അത്. (ഓരോ വർഷവും, 'അമ്പതാം ദിവസം' എന്നർഥമുള്ള പെന്തക്കോസ്ത് പെരുന്നാൾ പെസഹായ്ക്ക് അമ്പത് ദിവസങ്ങൾക്ക് ശേഷമാണ്. യേശു പെസഹാദിനത്തിൽ ആണ് ക്രൂശിക്കപ്പെട്ടത്.) ക്രിസ്തീയ വീക്ഷണത്തിൽ ***പ്രവൃത്തികൾ 2***ൽ വിവരിച്ചിരിക്കുന്ന പെന്തക്കോസ്ത് ദിനത്തിലാണ് സഭ രൂപീകരിക്കപ്പെട്ടത്.

യേശുവിന്റെ അനുഗാമികൾക്കുണ്ടായ അനുഭവം ശ്രദ്ധേയമായിരുന്നു. വീശിയടിക്കുന്ന കാറ്റിന്റെ ശബ്ദം പോലെ വീടു മുഴുവൻ നിറഞ്ഞു. കൂടാതെ, അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി. അത് വീട്ടിലെ ഓരോ വ്യക്തിയിലും പ്രത്യക്ഷപ്പെടുകയും ഓരോരുത്തരുടെ മേൽ പതിയുകയും ചെയ്തു. അവർക്ക് മുമ്പ് അറിയാത്ത ഭാഷകളിൽ സംസാരിക്കാൻ അവർ സ്വയം പ്രാപ്തരായി! സാധാരണ ഗലീലിയക്കാർ ഇതുവരെ പഠിച്ചിട്ടില്ലാത്ത ഭാഷകളിൽ ***"ദൈവത്തിന്റെ വൻകാര്യങ്ങളെ "*** പ്രസ്താവിക്കുന്നതു കേൾക്കുന്നത് ശരിക്കും അത്ഭുതകരമായ കാര്യമായിരുന്നു. *(പ്രവൃത്തികൾ 2:11)* ഇവയെല്ലാം സംഭവിച്ചത് പരിശുദ്ധാത്മാവ് വന്നതുകൊണ്ടാണ്. യേശു പോകുന്നതിനുമുമ്പ് വാഗ്ദാനം ചെയ്തതുപോലെ. ഇത് സഭയുടെ ആരംഭം അല്ലെങ്കിൽ 'ജന്മദിനം' ആയിരുന്നു, ഒരിക്കലും മറക്കാനാവാത്ത ദിവസം.ഈ കാര്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ടാണ് വർഷങ്ങൾക്കുശേഷം, പൗലോസ് താക്കോൽ വാക്യത്തിൽ കാണുന്ന വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത്.പരിശുദ്ധാത്മാവിന്റെ വരവ് എല്ലാ ക്രിസ്ത്യാനികളെയും ഒരുമിച്ചു ചേർത്ത് ഒരു 'ശരീരത്തിലേക്ക് ചേർത്തിരിക്കുന്നു അങ്ങനെ ഒരു ആത്മീയ ഐക്യം സൃഷ്ടിച്ചുവെന്ന് പൗലോസ് തന്റെ വായനക്കാരെ പഠിപ്പിക്കുകയായിരുന്നു. ക്രിസ്തുവിശ്വാസികൾ എല്ലാവരും ഏക ശരീരത്തിൽ 'ഒരുമിച്ചു' ചേർക്കപ്പെട്ടിരിക്കുന്നു.

യെരുശലേമിന്റെ തെരുവീഥികളിൽ നിറഞ്ഞു നിന്ന ജനക്കൂട്ടം ഈ കാര്യങ്ങൾക്ക് ഒരു വിശദീകരണം ആവശ്യപ്പെട്ടു! യേശുവിന്റെ ഈ ശിഷ്യന്മാർക്ക് എങ്ങനെയാണ് പെട്ടെന്ന് അന്യഭാഷകളിൽ സംസാരിക്കാൻ കഴിഞ്ഞത് ? അവർക്ക് എന്താണ് സംഭവിച്ചത്? ഒരുപക്ഷേ അവർ അമിതമായി വീഞ്ഞ് കുടിച്ചിരിക്കാം! ***(വാക്യങ്ങൾ 12, 13 കാണുക)***

ഈ അവസരം ഉപയോഗിച്ച് പത്രോസ് അവരോട് സംസാരിച്ചത്. ഇവർ വീഞ്ഞ് കുടിച്ചു മത്തരായവരല്ല പഴയനിയമത്തിലെ യോവേൽ പ്രവചനത്തിന്റെ നിവൃത്തിയാണ് ഇപ്പോൾ സംഭവിച്ചതെന്ന് വിശദീകരിക്കുകയും ചെയ്തു. നിങ്ങൾ ക്രൂശിച്ചതും (ഏഴ് ആഴ്ചകൾക്ക് മുമ്പ് ) എന്നാൽ ദൈവം മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവനായ കർത്താവായ യേശുവിനെക്കുറിച്ചും അവരോട് പത്രോസ് പ്രസ്താവിക്കുകയുണ്ടായി. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നുള്ള പത്രോസിന്റെ അവകാശവാദത്തെ ശരിവെക്കുന്നതായിരുന്നു ഈ നടന്ന സംഭവങ്ങൾ എന്നുള്ള കാര്യവും പത്രോസ് വിശദീകരിച്ചു.

ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രോസിനോട് ***"സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു ?"*** പത്രോസ് അവരോട്: ***നിങ്ങൾ. "മാനസാന്തരപ്പെടുക, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി നിങ്ങൾ എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുക, അപ്പോൾ നിങ്ങൾക്ക് പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും",*** *(പ്രവൃത്തികൾ 2: 37, 38)*

പലരും പത്രോസ് പറഞ്ഞതുപോലെ ചെയ്തു! ആ ദിവസം സഭയുടെ 'ആരംഭം' ആയിരുന്നു. ഏകദേശം 3,000 ആളുകൾ കർത്താവായ യേശുവിൽ വിശ്വസിക്കുകയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ക്രിസ്തുവിന്റെ സഭയിൽ ചേർക്കപ്പെടുകയും ചെയ്തു.

കർത്താവായ യേശു താൻ പറഞ്ഞതുപോലെ സഭ പണിയുവാൻ ആരംഭിച്ചു. ഓരോ പുതിയ വിശ്വാസിയും മഹത്തായ ആത്മീയ ഘടനയിലെ ഓരോ 'കല്ല്' പോലെയായിരുന്നു, അതിനെ യേശു ***"എന്റെ സഭ"*** എന്ന് വിളിച്ചു. ഇപ്പോഴും യേശു തന്റെ സഭയെ പണിതുകൊണ്ടിരിക്കുന്നു.



യെരുശലേമിലെ മാളികമുറി പെന്തക്കോസ്ത് നാളിൽ ഒരുമിച്ചു കൂടിയ സ്ഥലം
(ഉറവിടം: വിക്കിപീഡിയ)

**സഭ എന്ന പഠനത്തിന്റെ രണ്ടു യൂണിറ്റിൽ ഒന്നാമത്തേത്**

# ഉത്തരക്കടലാസ്സ്
## A11- സഭ
### പാഠം 1 - ''എന്റെ സഭ''

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ______

**വിലാസം:** ______

**1. യെരുശലേമിൽ യേശു എത്തുമ്പോൾ തനിക്ക് എന്ത് സംഭവിക്കുമെന്നാണ് പറഞ്ഞത് നിങ്ങളുടെ സ്വന്തം വാക്കുകളിൽ *എഴുതുക.***

______ / 3

**2. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

A) കൈസര്യ ഫിലിപ്പിയിൽവെച്ച് യേശു തന്റെ ശിഷ്യന്മാരോട് എന്ത് പൊതുവായ ചോദ്യമാണ് ചോദിച്ചത്?

B) അവർ നൽകിയ നാല് ഉത്തരങ്ങൾ എഴുതുക.

C) യജമാനന്റെ രണ്ടാമത്തെ ചോദ്യത്തിന് പത്രോസ് പറഞ്ഞ മറുപടി എന്തായിരുന്നു ?

/ 6

**3. ഓരോ പ്രസ്താവനയ്ക്കും ശേഷം ശരിയോ തെറ്റോ എന്ന് എഴുതുക:**

a) ചിലർ യേശുവിനെക്കുറിച്ച് ചിന്തിച്ചത് യോഹന്നാൻ സ്നാപകൻ ഉയിർത്തെഴുന്നേറ്റു എന്നായിരുന്നു ______

b) പത്രോസിന്റെ ബുദ്ധിശൂന്യമായ ഉത്തരത്തിന് യേശു അവനെ ശാസിച്ചു. ______

c) യേശുവിനെക്കുറിച്ചുള്ള പത്രോസിന്റെ പ്രസ്താവന ദൈവം അവനു വെളിപ്പെടുത്തിക്കൊടുത്തതായിരുന്നു ______

d) സഭയുടെ അടിസ്ഥാനം പത്രോസാണെന്ന് യേശു പറഞ്ഞു. ______

e) സഭയെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം ***മത്തായി 16***ൽ കാണാം. ______

/ 5

**4. ബൈബിളിൽ "സഭ" എന്ന പദത്തിന്റെ ഉപയോഗം നമ്മുടെ ദൈനംദിന ഉപയോഗത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു വെന്ന് വിശദീകരിക്കുക.** ______

/ 2

**5. താക്കോൽ വാക്യത്തെക്കുറിച്ചുള്ള ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) ക്രിസ്തു സഭയെക്കുറിച്ച് പറഞ്ഞപ്പോൾ അത് ഭൂതകാലമാണോ വർത്തമാനമാണോ ഭാവിയാണോ? ______

b) കർത്താവായ യേശുവിന്റെ മരണവും പുനരുത്ഥാനവും സഭയുടെ രൂപീകരണത്തിന് മുമ്പ് സംഭവിക്കേണ്ടത് എന്തുകൊണ്ട്?

c) സഭയുടെ രൂപീകരണത്തിൽ പരിശുദ്ധാത്മാവിന്റെ പങ്ക് എന്താണ്? ______

d) പരിശുദ്ധാത്മാവ് എപ്പോൾ വരും? ***(യോഹന്നാൻ 16:7)*** ______

e) "***പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല.***" "***ഇത്***" എന്തിനെയാണ് സൂചിപ്പിക്കുന്നത്? ______

f) ക്രിസ്തു തന്റെ സഭയുടെ പണി പൂർത്തിയാക്കുമെന്ന് നമുക്ക് എങ്ങനെ അറിയാനാകും? ______

/ 7

**6. ഈ റഫറൻസുകൾ നോക്കുക:**

***1 കൊരിന്ത്യർ 3:11*** യേശുക്രിസ്തുവിനെ എങ്ങിനെയാണ് വിവരിക്കുന്നത് ? ______

***പ്രവൃത്തികൾ 4: 12*** യേശുവിന്റെ നാമത്തിന്റെ പ്രത്യേകത എന്താണെന്നാണ് നമ്മോട് പറയുന്നത്? ______

/ 2

**ചിന്തിക്കുക:** താൻ പണിയുമെന്ന് യേശു പത്രോസിനോട് പറഞ്ഞ സഭയുടെ ഭാഗമാണോ നിങ്ങൾ? ഇത് നിങ്ങൾക്ക് എന്താണ് അർത്ഥമാക്കുന്നത് എന്നതിന് നന്ദി പറയുക.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്

## A11- സഭ

### പാഠം 2 - സഭയുടെ ആരംഭം

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **താഴെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ 1 മുതൽ 7 വരെ അക്കമിട്ട് അവ സംഭവിച്ച ക്രമത്തിൽ ക്രമീകരിക്കുക.**

കർത്താവായ യേശുവിനെ അടക്കം ചെയ്തു. ______

പെന്തക്കോസ്ത് നാളിലാണ് പരിശുദ്ധാത്മാവ് വന്നത്. ______

അപ്പോസ്തലന്മാർ യെരൂശലേമിൽ കാത്തിരുന്നു. ______

സഭ രൂപീകരിക്കപ്പെട്ടു. ______

യെരുശലേമിൽ വെച്ച് യേശുവിന്റെ ക്രൂശീകരണം നടന്നു. ______

40 ദിവസത്തിനു ശേഷം സ്വർഗ്ഗാരോഹണം നടന്നു. ______

മൂന്നാം ദിവസം യേശു ഉയിർത്തെഴുന്നേറ്റു. ______

/ 7

2. ***പ്രവൃത്തികൾ 2: 14* വായിക്കുക:**

a) എല്ലാവരും എന്താണ് കാണുകയും കേൾക്കുകയും ചെയ്തത്? ______

b) പരിശുദ്ധാത്മാവായ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നതിന് ബൈബിളിൽ "കാറ്റ് ", "അഗ്നി" എന്നിവ രണ്ടും ഉപയോഗിക്കാറുണ്ട്. പരിശുദ്ധാത്മാവിനെ കാറ്റിനോടുപമിച്ച് പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ പങ്കു വെക്കുക. ______

c) വീട്ടിൽ ആയിരിക്കുമ്പോൾ അവർക്ക് എന്ത് അസാധാരണമായ കാര്യമാണ് ചെയ്യാൻ കഴിഞ്ഞത്? ______

/ 5

3. **കൂടിവന്ന ജനക്കൂട്ടത്തോട് പ്രസംഗിക്കാൻ പത്രോസിന് ധൈര്യം ലഭിച്ചു.**

a) പരിശുദ്ധാത്മാവിന്റെ വരവ് പ്രവചിച്ച ഏതു പഴയനിയമ പ്രവാചകനെയാണ് പത്രോസ് ഉദ്ധരിച്ചത്? *(പ്രവൃത്തികൾ 2:16)*

b) രക്ഷ ആർക്കുവേണ്ടിയാണെന്നാണ് ഈ പ്രവാചകൻ പറഞ്ഞത്? *(പ്രവൃത്തികൾ 2:21)*

/ 2

4. **പെന്തക്കോസ്ത് നാളിൽ സംഭവിച്ച കാര്യങ്ങളെക്കുറിച്ച് *പ്രവൃത്തികൾ 2: 36.* ൽ പത്രോസ് വളരെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. ഈ വാക്യം ശ്രദ്ധാപൂർവ്വം വായിക്കുക, തുടർന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ ഉത്തരം എഴുതുക:.**

a) യഹൂദന്മാർ യേശുവിനോട് ചെയ്തത് എന്തായിരുന്നു. ______

b) ദൈവം യേശുവിനോട് ചെയ്തത് എന്താണ്. ______

/ 2

5. **പത്രോസിന്റെ കേൾവിക്കാർ "ഹൃദയത്തിൽ കുത്തുകൊണ്ടു" എന്ന് *പ്രവൃത്തികൾ 2: 37* പറയുന്നു.**

a) ഇത് എന്താണ് അർത്ഥമാക്കുന്നത് എന്ന് നിങ്ങൾ കരുതുന്നത്? ______

b) അവരുടെ ചോദ്യത്തിന് മറുപടിയായി, ***38–30 വാക്യത്തിൽ*** ഏതൊക്കെ രണ്ട് കാര്യങ്ങൾ ചെയ്യാനാണ് പത്രോസ് അവരോട് പറഞ്ഞത്? ______

c) അതിന്റെ ഫലമായി അവർക്ക് ലഭിക്കുന്ന രണ്ട് കാര്യങ്ങൾ ഏതൊക്കെ? ______

/ 6

6 **പെന്തക്കോസ്ത് നാളിൽ നടന്ന സംഭവങ്ങളുടെ അനന്തര ഫലം എന്തായിരുന്നു.**

a) ***യോഹന്നാൻ** 16:7*ലെ യേശുവിന്റെ വാഗ്ദാനത്തിന്റെ നിവൃത്തിയായി വന്നത് ആരാണ്? ______

b) പത്രോസിന്റെ സന്ദേശം കേട്ട അനേകം ആളുകളുടെ ജീവിതത്തിൽ എന്ത് മാറ്റമാണ് സംഭവിച്ചത്?

/ 3

c) ***മത്തായി** 16:18*ൽ യേശു വാഗ്ദാനം ചെയ്തതിന്റെ തുടക്കം പെന്തക്കോസ്ത് നാളിൽ എങ്ങനെയായിരുന്നു?

**ചിന്തിക്കുക:** താക്കോൽ വാക്യം വായിക്കുകയും ചിന്തിക്കുകയും ചെയ്യുക. ഈ കാലഘട്ടത്തിലെ സഭയിലെ ഒരു അംഗമെന്ന നിലയിൽ ഈ വാക്യം താങ്കൾക്ക് എന്താണ് അർത്ഥമാക്കുന്നത്?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A11- സഭ

### പാഠം 3 - ശുശ്രൂഷകളും അംഗങ്ങളും

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***പ്രവൃത്തികൾ 2: 41*** **അനുസരിച്ച്, ഒരു പുതിയ ക്രിസ്ത്യാനി ചെയ്യേണ്ട ആദ്യ "പടി" എന്തായിരുന്നു?**

_____ / 2

2. **സഭയിലെ ആദ്യകാല വിശ്വാസികൾ "അപ്പോസ്തലന്മാരുടെ പഠിപ്പിക്കലുകളിൽ തങ്ങളെത്തന്നെ സമർപ്പിച്ചു"**

A) ഇത് എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

B) ***പ്രവൃത്തികൾ 4:33*** വായിച്ച് അപ്പോസ്തലന്മാർ എന്താണ് പ്രസംഗിച്ചതെന്ന് വിശദീകരിക്കുക

C) ഇന്ന് നമുക്ക് ഏതു വിധത്തിലാണ് "അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ" നില നിൽക്കുവാൻ കഴിയുക ?

_____ / 6

3. **ആദിമ ക്രിസ്ത്യാനികൾ എങ്ങനെ പരസ്പരം സ്നേഹവും കരുതലും പ്രകടിപ്പിച്ചുവെന്ന് താഴെപറയുന്ന വേദ ഭാഗങ്ങളിൽ നിന്ന് വിശദീകരിക്കുക:**

a) ***പ്രവൃത്തികൾ 2: 44 – 45***

b) ***പ്രവൃത്തികൾ 4: 34 – 35***

c) ***പ്രവൃത്തികൾ 11: 27 – 30***

_____ / 6

4. **ഇന്ന് ക്രിസ്ത്യാനികൾക്ക് പരസ്പരം പ്രായോഗിക സ്നേഹം പ്രകടിപ്പിക്കാൻ കഴിയുന്ന വഴികൾ നിർദ്ദേശിക്കുക.**

_____ / 3

5. **ആദിമ ക്രിസ്ത്യാനികൾ "അപ്പം നുറുക്കി"യത് എന്തു കാരണം കൊണ്ടാണ് ?**

_____ / 2

6. ***പ്രവൃത്തികൾ 12: 5–12*** **വായിച്ച് ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) സഭ എന്തിനെക്കുറിച്ചാണ് പ്രാർത്ഥിച്ചത്?

b) പ്രാർത്ഥിക്കാൻ സഭ എവിടെയാണ് യോഗം ചേർന്നത്?

c) അവരുടെ പ്രാർത്ഥനകൾക്ക് ദൈവം എങ്ങനെ ഉത്തരം നൽകി?

_____ / 3

7. **ഇന്ന്, പല തരത്തിലുള്ള സഭാ വിഭാഗങ്ങൾ ഉണ്ട്, ഒരു പുതിയ വിശ്വാസിക്ക് ഇതിൽ ഏത് സഭയിൽ ചേരണമെന്നുള്ള ഉപദേശമാണ് നിങ്ങൾക്ക് നൽകുവാൻ കഴിയുക ?**

_____ / 3

**ചിന്തിക്കുക:** ആദിമ സഭ ചെയ്തതുപോലെ ബൈബിൾ പഠനത്തിലും കൂട്ടായ്മയിലും അപ്പം നുറുക്കലിലും പ്രാർത്ഥനയിലും ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നുണ്ടോ?

**ആകെ മാർക്ക്** _____ / 25

# ഉത്തരക്കടലാസ്സ്

## A11- സഭ

### പാഠം 4 - സ്നാനവും തിരുവത്താഴവും

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **“ *നിയമോപദേശങ്ങൾ*” എന്നതിന്റെ അർത്ഥമെന്താണെന്ന് വിശദീകരിക്കുക.**

/ 2

2. **ഒരു വലിയതും പ്രധാനപ്പെട്ടതുമായ കാര്യങ്ങളെക്കുറിക്കുവാനാണ് പ്രതീകങ്ങൾ ഉപയോഗിക്കുന്നത് യേശുക്രിസ്തുവിന്റെ സ്നാനം പ്രതീകാത്മകമായി ചിത്രീകരിക്കുന്ന മൂന്ന് സത്യങ്ങൾ എന്തെല്ലാം?**

/ 3

3. **വിശ്വാസികൾ ക്രിസ്തുവിനോടൊപ്പം മരിക്കുകയും അടക്കപ്പെടുകയും ഉയിർത്തെഴുന്നേറ്റതായും ആണ് ദൈവം കാണുന്നത്. *(റോമർ 6)***

A) ഈ ഉപദേശം ശരിയാണെന്നു ഒരു വിശ്വാസി എങ്ങനെ കാണിക്കും?

B) “***ജീവന്റെ പുതുക്കത്തിൽ***” നടക്കുക എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് നിങ്ങൾ കരുതുന്നത് ?

/ 2

4. **ഈ റഫറൻസുകൾ വായിച്ചതിനു ശേഷം, കർത്താവിനെ ഓർക്കുന്ന ഭക്ഷണപദാർത്ഥത്തിന്റെ പേരുകൾ എഴുതുക:**

a) *പ്രവൃത്തികൾ 2: 42* ____

b) *1 കൊരിന്ത്യർ 10:16* ____

c) *1 കൊരിന്ത്യർ 11:20* ____

/ 3

5. **കർത്താവായ യേശു തിരുവത്താഴ ശുശ്രൂഷ അവതരിപ്പിച്ചപ്പോൾ:**

a) ഏത് രണ്ട് കാര്യങ്ങളാണ് അദ്ദേഹം ഉപയോഗിച്ചത്? ____

b) ഓരോന്നും എന്തിനെ പ്രതിനിധീകരിക്കുമെന്നാണ് യേശു പറഞ്ഞത്? ____

c) ഈ സമയം മുതൽ, അവന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വിശ്വാസികൾ “തിന്നുകയും കുടിക്കുകയും” ചെയ്യുന്നതിനുള്ള പ്രധാന കാരണം എന്തായിരിക്കണം? ____

/ 6

6. ***1 കൊരിന്ത്യർ 11: 23–29* വായിച്ച് വിട്ട ഭാഗങ്ങൾ പൂരിപ്പിക്കുക :**

ഞാൻ .................... നിന്നു പ്രാപിക്കയും .................... ഏൽപ്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ .................... .................... രാത്രിയിൽ അവൻ .................... എടുത്തു സ്തോത്രം ചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള .................... എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ .................... കഴിഞ്ഞശേഷം അവൻ .................... എടുത്തു ഈ പാനപാത്രം എന്റെ രക്തത്തിൽ .................... ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ .................... ചെയ്‌വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും .................... കുടിക്കയും ചെയ്യുമ്പൊഴൊക്കെയും കർത്താവു വരുവോളം അവന്റെ .................... പ്രസ്താവിക്കുന്നു. മനുഷ്യൻ തന്നെത്താൻ .................... ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യുവാൻ. തിന്നുകയും കുടിക്കയും ചെയ്യുന്നവൻ .................... വിവേചിക്കാഞ്ഞാൽ തനിക്കു .................... തിന്നുകയും കുടിക്കയും ചെയ്യുന്നു.

/ 5

7. **ഇനിപ്പറയുന്ന പ്രസ്താവനകൾക്ക് ശരിയോ തെറ്റോ എന്ന് ഉത്തരം നൽകുക:**

a) സ്നാനത്തിന് ഉപയോഗിക്കുന്ന വെള്ളം വിശുദ്ധമാണ്. ____

b) സ്നാനം ഏൽക്കുന്നത് ഒരു വ്യക്തിയെ ക്രിസ്ത്യാനിയാക്കുന്നു. ____

c) കർത്താവിന്റെ അത്താഴത്തിലെ അപ്പം, കർത്താവിന്റെ മരണത്തിൽ നമുക്കുവേണ്ടി നൽകിയ ശരീരത്തെ ഓർമ്മിപ്പിക്കുന്നു. ____

d) കർത്താവിന്റെ അത്താഴം യേശുവിൽ വിശ്വസിക്കുന്ന യഥാർത്ഥ വിശ്വാസികളെ ഉദ്ദേശിച്ചുള്ളതാണ്. ____

/4

**ചിന്തിക്കുക:** ദൈവത്തിന്റെ മക്കളെന്ന നിലയിൽ, സാധ്യമായ എല്ലാ വഴികളിലും നാം അവനെ അനുസരിക്കണം! നിങ്ങൾ ഒരു ക്രിസ്ത്യാനി ആയിത്തീർന്നിട്ടുണ്ടെങ്കിൽ, നിങ്ങൾ സ്നാനം സ്വീകരിക്കുകയും കർത്താവിന്റെ അത്താഴത്തിൽ പങ്കുചേരാൻ വിശ്വാസികളുമായി പതിവായി കൂടിക്കാഴ്ച നടത്തുകയും വേണം.

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

# ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

## A11- സഭ

### പാഠം 3 - ശുശ്രൂഷകളും അംഗങ്ങളും

**വായനഭാഗം:**

**പ്രവൃത്തികൾ 2: 41–47; 4: 32–37; 11: 27–30**

**താക്കോൽ വാക്യം:**

**"അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."**

പ്രവൃത്തികൾ 2 :42

ഈ പഠനത്തിൽ, നാം സഭയുടെ ആരംഭ കാലങ്ങളെ ഒന്ന് വിചിന്തനം ചെയ്യുകയാണ്. പല ചോദ്യങ്ങൾക്ക് ഉള്ള ഉത്തരം കണ്ടെത്താനാണ് ഇനി ശ്രമിക്കുന്നത് : വിശ്വാസികളുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ എന്തായിരുന്നു ? അവർ എങ്ങനെയുള്ള ആളുകളായിരുന്നു? ആദ്യകാല ക്രിസ്ത്യാനികളുടെ ആചാരങ്ങൾ സഭ ഈ ഭൂമിയിൽ ഉള്ളേടത്തോളം കാലം ചെയ്യണം എന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടോ ?

***പ്രവൃത്തികൾ 2***ൽ നിന്നുള്ള വായന സഭ ആരംഭിച്ച കാലത്ത് ജീവിച്ചിരുന്ന വിശ്വാസികളുടെ വിശ്വാസ പ്രമാണങ്ങളും ശുശ്രൂഷകളും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു:

1. കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ അവർ ***"സ്നാനം ഏറ്റു". (വാക്യം 41)*** സ്നാനം അവരുടെ പഴയ ജീവിതം കഴിഞ്ഞുപോയി അവർ ഇപ്പോൾ കർത്താവായ യേശുക്രിസ്തുവിനോടൊപ്പം പുതിയ ജീവിതം ആരംഭിച്ചിരിക്കുകയാണ്.

2. ***"അവർ അപ്പോസ്തലന്മാരുടെ ഉപദേശങ്ങളിൽ തങ്ങളെത്തന്നെ സമർപ്പിച്ചു". (പ്രവൃത്തികൾ 2:42)*** അപ്പോസ്തലന്മാർ മുമ്പ് യേശുവിന്റെ ശിഷ്യന്മാരായിരുന്നു. യേശുവിന്റെ ജീവിതകാലത്ത് അവർ അവനിൽ നിന്ന് പഠിച്ചു, ഇപ്പോൾ അവർ പുതിയ ക്രിസ്ത്യാനികളുടെ അദ്ധ്യാപകരായി. അപ്പോസ്തലന്മാർ പഠിപ്പിച്ചത് വിശ്വസിക്കുകയും അവരുടെ അധികാരത്തെ അംഗീകരിക്കുകയും ചെയ്തു. ***"അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ തങ്ങളെത്തന്നെ സമർപ്പിച്ചു "*** എന്നതിന്റെ അർത്ഥം ഇതാണ്.അപ്പോസ്തലന്മാരുടെ പഠിപ്പിക്കലിൽ പിന്നീട് ലേഖനങ്ങൾ ഉൾപ്പെടുന്നു: ക്രിസ്തീയ വിശ്വാസത്തിൽ അവരെ പഠിപ്പിക്കാൻ യുവ സഭകൾക്ക് അവർ എഴുതിയ കത്തുകളായിരുന്നു ഇവ.



3. അവർ പതിവായി ഒരുമിച്ച് കണ്ടുമുട്ടി, പരസ്പരമുള്ള കൂട്ടായ്മയിൽ വളരെയധികം സന്തോഷവും പ്രോത്സാഹനവും കണ്ടെത്തി. ***(പ്രവൃത്തികൾ 2:42)*** ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ ഇത് സാധ്യമാകുന്നിടത്തെല്ലാം ക്രമമായി ഒത്തുകൂടണമെന്നത് ഇപ്പോഴും ദൈവത്തിന്റെ പദ്ധതിയാണ്. ***(എബ്രായർ 10:25 വായിക്കുക)***

4. അവർക്ക് ഏറ്റവും പ്രധാനപ്പെട്ടത് ***"അപ്പം നുറുക്കൽ "*** ആയിരുന്നു. ***(പ്രവൃത്തികൾ 2:42)*** ഇത് കർത്താവിന്റെ അത്താഴത്തെ സൂചിപ്പിക്കുന്നു, അതിൽ അപ്പവും വീഞ്ഞും കർത്താവായ യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും പ്രതീകങ്ങളായി ഉപയോഗിക്കുന്നു. കർത്താവ് ആവശ്യപ്പെട്ടതുകൊണ്ടാണ് അവർ ഇത് ചെയ്തത്. ***(1 കൊരിന്ത്യർ 11: 23–26 കാണുക)***

5. ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾ പ്രാർത്ഥനയിൽ സമയം കണ്ടെത്തിയിരുന്നു. ക്രിസ്ത്യാനികൾ സ്വകാര്യമായി പ്രാർത്ഥിക്കുന്നു, എന്നാൽ അപ്പോസ്തലന്മാരുടെ പ്രവൃത്തികളിൽ സഭയുടെ കൂട്ടായ പ്രാർത്ഥനകൾ ഊന്നിപ്പറയുന്നു. ***(പ്രവൃത്തികൾ 12: 5, 12 കാണുക)***

ഈ പ്രാർത്ഥനാ ജീവിതം ആദിമ സഭയ്ക്ക് മാത്രമായിരുന്നില്ല; അവ ഓരോ ക്രിസ്ത്യാനികൾക്കും വേണ്ടിയുള്ളതാണ്, കർത്താവായ യേശുവിന്റെ മടങ്ങിവരവ് വരെ തുടരണം. അങ്ങനെയെങ്കിൽ, ഈ പ്രാർത്ഥനാ ജീവിതത്തെ വിലമതിക്കുന്ന സഹവിശ്വാസികളുമായി സഹവസിക്കാൻ ശ്രമിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ഈ സവിശേഷതകൾ കാണിക്കാത്ത ഒരു ' സഭ ' യഥാർത്ഥത്തിൽ പുതിയ നിയമ മാതൃക അനുസരിച്ചുള്ള ഒരു സഭയല്ല. ആത്മീയമായി പുരോഗതി കൈവരിക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, അത്തരമൊരു സഭയെ കണ്ടെത്താൻ നാം ശ്രമിക്കണം, തുടർന്ന് നാം ആ സഭയ്ക്ക് പൂർണ്ണ പിന്തുണയും നൽകണം.

ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ എങ്ങനെയുള്ള ആളുകളായിരുന്നുവെന്നും അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ നമുക്ക് കാണിച്ചുതരുന്നു:

1. അവർ സന്തുഷ്ടരും നന്ദിയുള്ളവരുമായിരുന്നു. ***(പ്രവൃത്തികൾ 2:46–47 വായിക്കുക!)*** അവരുടെ വിശ്വാസം ഒട്ടും മടുപ്പിക്കുന്നതും വിരസവുമല്ലായിരുന്നു! മറിച്ച്, അത് യഥാർത്ഥവും ചലനാത്മകവുമായിരുന്നു!

2. അവർ ആത്മാവിൽ ഐക്യപ്പെട്ടവരായിരുന്നു. അവരുടെ ഐക്യം എല്ലാവർക്കും കാണാവുന്നതായിരുന്നു. ദുഃഖകരമെന്നു പറയട്ടെ, വർഷങ്ങൾ കടന്നുപോകവേ, അനേകം ഭിന്നതകൾ ഉണ്ടാക്കുന്നതിൽ സാത്താൻ വിജയിച്ചിരിക്കുന്നു.

3. അവർ പരസ്പരം ശരിക്കും കരുതുകയും ആവശ്യക്കാരായ മറ്റുള്ളവരുമായി പങ്കുവെക്കാൻ തയ്യാറാവുകയും ചെയ്തു. ***(പ്രവൃത്തികൾ 2: 44 – 45, 4: 32, 34, 35)***

4. അയൽക്കാരോടും സുഹൃത്തുക്കളോടും തങ്ങളുടെ കർത്താവിനെയും രക്ഷകനെയും കുറിച്ച് സംസാരിക്കാൻ അവർ ഭയപ്പെട്ടിരുന്നില്ല. അവർ ***"ദൈവവചനം ധൈര്യത്തോടെ സംസാരിച്ചുകൊണ്ടിരുന്നു." (പ്രവൃത്തികൾ 4:31)*** വാസ്തവത്തിൽ, സുവിശേഷം പങ്കുവെക്കാതിരിക്കാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു! ക്രിസ്തുവാണെന്ന യേശുവിന്റെ അവകാശവാദങ്ങളെ നിരാകരിച്ച യഹൂദ മതനേതാക്കന്മാർ അവരെ പീഡിപ്പിക്കാൻ തുടങ്ങിയപ്പോഴും അവർ ഭയങ്കര ധൈര്യം കാണിച്ചു. ***(പ്രവൃത്തികൾ 5:41)***

ക്രിസ്തുവിന്റെ സഭയിലെ യഥാർത്ഥ അംഗത്വത്തിന്റെ അടയാളങ്ങൾ നമ്മിൽ കാണപ്പെടുന്നുണ്ടോ? കർത്താവായ യേശുവിനെ അനുസരിക്കാൻ നാം ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ ജീവിതം മറ്റുള്ളവരോട് സ്നേഹവും കരുതലും കാണിക്കുന്നുണ്ടോ? കർത്താവായ യേശുവിന്റെ സുവിശേഷം പ്രചരിപ്പിക്കാൻ നാം ശ്രമിക്കുന്നുണ്ടോ? ഇത് നമുക്ക് ഇന്ന് ഒരു വെല്ലുവിളിയായിരിക്കുന്നുണ്ടോ! നമ്മുടെ കർത്താവായ യേശു പറഞ്ഞ മഹത്തായ ആത്മീയ യാഥാർത്ഥ്യത്തിൽ നാം ഉൾപ്പെട്ടവരാണെന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണ് ***"ഞാൻ എന്റെ സഭയെ പണിയും".***

**സഭ എന്ന പഠനത്തിന്റെ രണ്ടു യൂണിറ്റിൽ ഒന്നാമത്തേത്**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A11- സഭ

## പാഠം 4 - സ്നാനവും തിരുവത്താഴവും

വായനഭാഗം:

**റോമർ 6: 1–14; 1 കൊരിന്ത്യർ 11: 23–29**

താക്കോൽ വാക്യം:

**"അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ"**

റോമർ 6: 4

ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ കാലം മുതൽ പ്രാദേശിക സഭകൾ, കർത്താവായ യേശുവിന്റെ നിർദ്ദേശങ്ങൾ നിറവേറ്റാൻ ശ്രമിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പലപ്പോഴും 'നിയമോപദേശങ്ങൾ' എന്ന് വിളിക്കപ്പെടുന്നു ഇവ കർത്താവ് കൽപ്പിച്ച ചട്ടങ്ങൾ ആണ് മാത്രമല്ല നിർബന്ധമായും അനുസരിക്കേണം എന്നത് കർത്താവിന്റെ കല്പനയാണ്. ഈ 'നിയമങ്ങൾ' സഭകൾ അനുസരിക്കേണ്ടതാണ്.

കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തെത്തുടർന്ന് സ്വർഗ്ഗത്തിലേക്ക് മടങ്ങുന്നതിന് തൊട്ടുമുമ്പ് കൽപ്പിച്ച സ്നാനത്തെക്കുറിച്ചാണ് ഈ പാഠത്തിൽ നാം ശ്രദ്ധിക്കുവാൻ പോകുന്നത്. കർത്താവ് തന്റെ അപ്പോസ്തലന്മാർക്ക് ഈ നിർദ്ദേശങ്ങൾ നൽകി, ***"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ".*** *(മത്തായി 28:18, 19)*

സ്നാനത്തിന്റെ കൽപ്പനയുമായി ബന്ധപ്പെട്ട് അനേകം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്:

1. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ചതിന് ശേഷമാണ് ആളുകൾ സ്നാനം സ്വീകരിച്ചത്. ***പ്രവൃത്തികൾ 2: 41; പ്രവൃത്തികൾ 8: 36, 37; കൂടാതെ 16: 29–34.*** ഇതിന്റെ വെളിച്ചത്തിൽ, നാം നമ്മുടെ പാപങ്ങളിൽ നിന്ന് തിരിഞ്ഞ് സ്നാനമേൽക്കുന്നതിന് മുമ്പ് കർത്താവായ യേശുവിനെ നമ്മുടെ രക്ഷകനായി സ്വീകരിക്കണം. സ്നാനം ഏൽക്കുന്നത് കൊണ്ട് ആരെയും ക്രിസ്ത്യാനി ആക്കുന്നില്ല!

2. അവർ വെള്ളത്തിൽ മുങ്ങി സ്നാനം ഏറ്റു. നമ്മൾ നേരത്തെ കണ്ടതുപോലെ, 'സ്നാനം' എന്ന വാക്കിന്റെ അർത്ഥം 'മുങ്ങുക' എന്നാണ്. സ്നാനം എന്നത് അടക്കം ചെയ്യപ്പെടുകയും വീണ്ടും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നതുപോലെയാണെന്ന് താക്കോൽ വാക്യം പറയുന്നു; സ്നാനമേൽക്കുമ്പോൾ നാം പൂർണ്ണമായും വെള്ളത്തിനടിയിൽ പോകണമെന്ന് ഇത് കാണിക്കുന്നു.

3. സ്നാനം ഒരു ആത്മീയ സത്യത്തിന്റെ ഒരു 'ചിത്രം' അല്ലെങ്കിൽ പ്രതീകമാണ്. ബൈബിൾ വായനഭാഗം, ***റോമർ 6: 1–14***ൽ ഇത് വിശദീകരിക്കുന്നു. കർത്താവായ യേശുവിന്റെ മരണത്തിലും അടക്കത്തിലും പുനരുത്ഥാനത്തിലും അവനുമായി സഹവസിക്കുന്നു എന്നാണ് സ്നാനത്തെക്കുറിച്ചു പൌലോസ് ഇവിടെ പഠിപ്പിക്കുന്നത്. അവൻ മരിച്ചതുപോലെ, ദൈവം നമ്മെയും അവനോടൊപ്പം 'മരിച്ചവരായി' കാണുന്നു; അവൻ അടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതുപോലെ, നാമും ആയിരിക്കുന്നു!

നമ്മുടെ മുൻ പാപജീവിതം അവസാനിച്ചു! നാം ഇപ്പോൾ ***"പാപത്തിന് മരിച്ചവരും ക്രിസ്തുയേശുവിൽ ദൈവത്തിന് ജീവനുള്ളവരുമാണ്"*** എന്ന് സ്വയം പരിഗണിക്കണം. *(റോമർ 6:11)*

സ്നാന സമയത്ത് ഒരു വിശ്വാസി വെള്ളത്തിലേക്ക് ഇറങ്ങുമ്പോൾ, അവനും അവന്റെ പഴയ ജീവിതവും ക്രൂശിക്കപ്പെട്ട് ക്രിസ്തുവിനോടൊപ്പം കുഴിച്ചിടപ്പെട്ടതായി കാണിക്കുന്നുവെന്ന് മനസ്സിലാക്കാൻ പേജിന്റെ ചുവടെയുള്ള രേഖാചിത്രം നമ്മെ സഹായിക്കുന്നു. അവൻ വെള്ളത്തിൽ നിന്ന് കയറുമ്പോൾ, കർത്താവായ യേശുവിന്റെ നിയന്ത്രണത്തിലുള്ള ഒരു പുതിയ ജീവിതം നയിക്കാൻ പോകുന്നുവെന്ന് അവൻ മനസിലാക്കുന്നു.

കർത്താവായ യേശു തന്റെ സഭയ്ക്ക് നൽകിയ രണ്ടാമത്തെ കൽപ്പനയെ പലപ്പോഴും "കർത്താവിന്റെ അത്താഴം" എന്ന് വിളിക്കുന്നു. ചിലപ്പോൾ മറ്റ് പേരുകൾ ഉപയോഗിക്കാറുണ്ട് "അപ്പം നുറുക്കൽ" " അല്ലെങ്കിൽ "കൂട്ടായ്മ" എന്നിങ്ങനെ.


തന്നെ കാണിച്ചുക്കൊടുത്ത രാത്രിയിൽ, കർത്താവായ യേശു തന്റെ ശിഷ്യന്മാർക്ക് ഈ നിയമത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകി. യഹൂദരുടെ വാർഷിക പെസഹാ ആഘോഷിക്കാൻ എല്ലാവരും മുകളിലത്തെ നിലയിലെ ഒരു വലിയ മുറിയിൽ ഒത്തുകൂടി. അവർ അങ്ങനെ ഇരിക്കുമ്പോൾ, യേശു അപ്പമെടുത്ത് ദൈവത്തിന് നന്ദി പറഞ്ഞു, എന്നിട്ട് പറഞ്ഞു, ***"ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്‌വിൻ."*** എന്നു പറഞ്ഞു *(1 കൊരിന്ത്യർ 11:24)*

എന്നിട്ട് അവൻ പാനപാത്രം എടുത്ത് ദൈവത്തിന് നന്ദി പറഞ്ഞു. പാനപാത്രം തന്റെ രക്തത്തിലുള്ള പുതിയ നിയമം (അല്ലെങ്കിൽ ഉടമ്പടിയുടെ) പ്രതീകമാണെന്ന് അവൻ തന്റെ ശിഷ്യന്മാരോട് വിശദീകരിച്ചു. അതിൽ നിന്ന് കുടിക്കാൻ അവൻ അവരെ ക്ഷണിച്ചു, അവന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ട്,. അവർ "കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു." *(1 കൊരിന്ത്യർ 11:26)*

അതുകൊണ്ട് കർത്താവിന്റെ അത്താഴം വിശ്വാസികൾക്ക് വളരെ സവിശേഷമാണ്, കാരണം നമുക്കുവേണ്ടിയുള്ള അവന്റെ മഹത്തായ ത്യാഗം ഒരിക്കലും മറക്കാതിരിക്കാൻ നമ്മെ സഹായിക്കുന്ന നമ്മുടെ കർത്താവ് തിരഞ്ഞെടുത്ത മാർഗമാണിത്. നമ്മുടെ രക്ഷയ്ക്കുവേണ്ടി അവന്റെ ശരീരം നൽകപ്പെട്ടതും അവന്റെ രക്തം ചൊരിയപ്പെട്ടതും നാം ഓർക്കുന്നു. ***1 കൊരിന്ത്യർ 11:26*** പഠിപ്പിക്കുന്നതുപോലെ നാം കുരിശിലേക്ക് തിരിഞ്ഞുനോക്കുക മാത്രമല്ല, അവന്റെ വീണ്ടും വരവിനായി കാത്തിരിക്കുകയും ചെയ്യുന്നു.

സഭയുടെ ഈ രണ്ട് കൽപ്പനകൾ സ്നാനവും കർത്താവിന്റെ അത്താഴവും ഒരു വെല്ലുവിളിയാണ്. നിങ്ങൾ ഒരു ക്രിസ്ത്യാനി ആയിത്തീർന്നിട്ടുണ്ടെങ്കിൽ, കർത്താവായ യേശുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയുമായുള്ള നിങ്ങളുടെ ബന്ധം പ്രഘോഷിച്ചുകൊണ്ട് നിങ്ങൾ സ്നാനം ഏൽക്കണം, കൂടാതെ ***"അപ്പം നുറുക്കാൻ"*** വിശ്വാസികളുമായി കൂടിക്കാഴ്ച നടത്തണം. കർത്താവിന്റെ മരണത്തെ പതിവായി പ്രസ്താവിക്കണം. ഈ കൽപ്പനകൾക്ക് പിന്നിൽ നമ്മുടെ കർത്താവായ യേശുവിന്റെ എല്ലാ അധികാരങ്ങളും ഉണ്ട്: അതിനാൽ നാം അവയെ നിസ്സാരമായി കാണരുത്. നാം അവനെ യഥാർത്ഥമായി സ്നേഹിക്കുന്നുവെന്ന് കാണിക്കുന്നത് അവനോട് അനുസരണവും വിധേയത്വമുള്ളവരുമാകുമ്പോളാണ് ! *(യോഹന്നാൻ 14:15)*

## സ്നാനം




**സഭ എന്ന പഠനത്തിന്റെ രണ്ടു യൂണിറ്റിൽ ഒന്നാമത്തേത്**

© Bible Educational Services | Visit : www.besweb.com | 4/2023